(സി) 6 (ആറ് ഒഴിവുകൾ)

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) & (എഫ്) ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ആട് ഗ്രാമം പദ്ധതി നടപ്പിലാക്കാൻ നടപടി

105 (5786) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഗ്രാമം നിറയെ കോഴികൾ' പദ്ധതി എത്ര ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ ;

(സി) ഗുണമേന്മയുള്ള മാംസം സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുന്നതിന് ആട് ഗ്രാമം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 'ഗ്രാമം നിറയെ കോഴികൾ' പദ്ധതി ആദ്യഘട്ടത്തിൽ 20 പഞ്ചായത്തുകളിൽ നടപ്പാക്കി. രണ്ടാം ഘട്ടത്തിൽ പുതുക്കിയ പദ്ധതി (ന്യൂ വില്ലേജ് പൗൾട്രി) ഇതുവരെ 13 പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്.

(ബി) 173.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഗുണമേന്മയുള്ള ആട്ടിറച്ചി ലഭ്യമാക്കാൻ വേണ്ടി അട്ടപ്പാടി ബ്ലോക്ക്, മലബാറി ഗോട്സ് കൂടാതെ ആസ്ത്രേലിയൻ ആട് എന്നീ ഇനങ്ങൾ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ വിതരണം ചെയ്യാനുള്ള പദ്ധതിക്ക് രൂപം നൽകി വരുന്നു.

ഇറച്ചിക്കോഴി ഉൽപ്പാദനം

106 (5787) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെ ആവശ്യം മാസത്തിൽ ശരാശരി എത്ര കിലോ വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) കേരളത്തിലെ ഉൽപ്പാദനം മാസത്തിൽ ശരാശരി എത്ര കിലോ വരുമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് കുടുംബശ്രീയുടെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇറച്ചിക്കോഴിയുടെ പ്രതിമാസ ആവശ്യം സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും പ്രതിമാസം ശരാശരി 10,000 ടൺ കോഴിയിറച്ചി ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു.

(ബി) 2009-ലെ കേരള ഇക്കണോമിക് റിവ്യൂ റിപ്പോർട്ട് പ്രകാരം 2008-09-ൽ കോഴിയിറച്ചിയുടെ ആഭ്യന്തര ഉത്പാദനം 19268 ടൺ ആയിരുന്നു. ഇതിൽനിന്നും ശരാശരി ഒരു മാസത്തെ ഉത്പാദനം ഏകദേശം 1608 ടൺ ആയി കണക്കാക്കാവുന്നതാണ്. (ഇതിൽ നാടൻ കോഴിയിറച്ചിയുടെ കണക്ക് ഉൾപ്പെടുന്നില്ല. അതുകൂടി ഉൾപ്പെടുത്തിയാൽ ഏകദേശം 3500 ടൺ എന്ന് കണക്കാക്കാവുന്നതാണ്.)

(സി) കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ പേട്ടയിലുള്ള മാംസ സംസ്കരണശാലയുടെ ആവശ്യത്തിനു വേണ്ടുന്ന ഇറച്ചിക്കോഴികളെ കർഷകരിലൂടെ ഇന്റഗ്രേഷൻ പദ്ധതി മുഖേനയാണ് ഇപ്പോൾ ഉത്പാദിപ്പിക്കുന്നത്. തിരുവനന്തപുരം ജില്ലയിലുള്ള ചില കുടുംബശ്രീ യൂണിറ്റുകളും പ്രസ്തുത ഇന്റഗ്രേഷൻ പദ്ധതിപ്രകാരം ഇറച്ചിക്കോഴികളെ വളർത്തി നൽകുന്നുണ്ട്. ഇത് സ്ഥാപിക്കുന്നതിന് മറ്റ് സ്ഥലങ്ങളിൽ മാംസ സംസ്കരണ പ്ലാന്റുകൾ ആവശ്യമാണ്. അത് സ്ഥാപിക്കുന്ന മുറയ്ക്ക് തീർച്ചയായും "കെപ്കോ" -യുടെ ഇന്റഗ്രേഷൻ വ്യവസ്ഥ പ്രകാരമുള്ള ഇറച്ചിക്കോഴി വളർത്തൽ ഘട്ടം ഘട്ടമായി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്. കൂടാതെ കുടുംബശ്രീയുമായി സഹകരിച്ച് പഞ്ചായത്തുതലത്തിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡും പരിശോധിക്കുന്നുണ്ട്.

വനം വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

107 (5788) ശ്രീ. എൻ. രാജൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വന നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനാലോചിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനനിയമങ്ങളിൽ കാതലായ മാറ്റങ്ങൾ എന്തെങ്കിലും വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വനം വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly